"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളുടെ യോഗ്യത പ്ലസ് ടു (ഹയർ സെക്കൻഡറി) പാസ് അഥവാ തത്തുല്യ യോഗ്യത' എന്ന് നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.92/2025/HOME തീയതി,തിരുവനന്തപുരം, 24-09-2025

---

പരാമർശം:-

1. സ.ഉ(പി)266/2010/ആഭ്യന്തരം തീയതി 09.12.2010 (S.R.O No.1171/2010).
2. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 16.04.2022 തീയതിയിലെ ഇ5-9521/2022/PrHQ നമ്പർ കത്ത്.
3. പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 28.07.2025 തീയതിയിലെ KPCS/3655/2025-ഇ5 നമ്പർ കത്ത്.
4. കേരളാ ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 24.09.2024 തീയതിയിലെ 16/2024 നമ്പർ നിവേദനം.
5. കേരള പബ്ലിക് സർവ്വീസസ് കമ്മീഷൻ സെക്രട്ടറിയുടെ 11.12.2024 തീയതിയിലെ A5-2/50020/2018-KPSC നമ്പർ കത്ത്.

**ഉത്തരവ്**

കേരള ജയിൽ സബോർഡിനേറ്റ് സർവീസ് (അമന്റ്മെന്റ്) റൂൾ 2010 പ്രകാരം, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ എന്നീ തസ്തികളിലേക്ക് നിയമനത്തിനായുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 'എസ്.എസ്.എൽ.സി പാസ്/ തത്തുല്യ യോഗ്യത' എന്നതാണ്. മറ്റ് സേനാ വിഭാഗങ്ങളായ പോലീസ്, ഫയർഫോഴ്സ്, എക്സൈസ് എന്നിവയിലെ സമാനതസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത 'പ്ലസ് ടു പാസ് / തത്തുല്യ യോഗ്യത' ആണ്.

2. ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് കേരളാ ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (4) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി. ഈ വിഷയത്തിൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (2),(3) കത്തുകൾ പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികകളിൽ നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യതയായ 'എസ്.എസ്.എൽ.സി പാസ്/ തത്തുല്യ യോഗ്യത' എന്നത്, ഉത്തരവ് തീയതി മുതൽ പ്രാബല്യത്തോടെ 'പ്ലസ് ടു (ഹയർ സെക്കൻഡറി)

പാസ് അഥവാ തത്തുല്യ യോഗ്യത' എന്ന് നിശ്ചയിച്ച് ഉത്തരവാകുന്നു.

4. മേല്പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, കേരള ജയിൽ സബോർഡിനേറ്റ് സർവീസ് (അമന്റ്മെന്റ്) റൂൾ 2010 ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരളം,തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Amina B
Date: 24-09-2025 22:43:02
സെക്ഷൻ ഓഫീസർ